(ഇ) പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ പാർട്ട് ടൈം സ്വീപ്പർമാരെ എംപ്ലോയ്മെന്റ് വഴി തെരഞ്ഞെടുത്തതിൽ ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ചെയ്യുന്നത്. സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുള്ളത് സംബന്ധിച്ച് 16 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പരാതികൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും, 16 പരാതികളിലായി 24 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ പരാതി ലഭിച്ചിട്ടില്ല.

കെ. എസ്. ആർ. ടി. സി. റൂട്ടുകളിൽ സ്വകാര്യ ബസ്സ് പെർമിറ്റ്

72 [3506] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തിവരുന്ന പ്രധാനപ്പെട്ട റൂട്ടുകളിൽ സ്വകാര്യ ഉടമകൾക്ക് ബസ്സ് റൂട്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇത് കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുന്ന കാര്യം പരിഗണിക്കാതെ റൂട്ടുകൾ അനുവദിച്ചത് എന്തുകൊണ്ട് എന്ന് പറയുമോ;

(ഡി) ഇങ്ങനെ അനുവദിച്ചിട്ടുള്ള റൂട്ടുകൾ റദ്ദാക്കുന്നതിനും ആവശ്യമെങ്കിൽ കൂടുതൽ ബസ്സുകൾ ഇറക്കി കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്താനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശസാൽക്കരണ പദ്ധതിക്ക് വിരുദ്ധമല്ലാത്ത റൂട്ടുകളിൽ പെർമിറ്റ് അനുവദിക്കുന്നുണ്ട്. മോട്ടോർ വാഹന നിയമം 80-ാം വകുപ്പ് പ്രകാരം സാധാരണ ഗതിയിൽ പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുവാൻ പാടില്ല എന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയതിനാൽ നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുവാൻ കഴിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മോട്ടോർ വാഹന നിയമം 80-ാം വകുപ്പു പ്രകാരം സാധാരണഗതിയിൽ പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുവാൻ പാടില്ല. പ്രസ്തുത നിയമമുള്ളതിനാൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം പരിഗണിക്കുവാൻ നിയമ വ്യവസ്ഥയില്ല.

(ഡി) കെ. എസ്. ആർ. ടി. സി. ക്ക് നഷ്ടം വരുന്നുവെന്ന കാരണത്താൽ മാത്രം സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ കഴിയുകയില്ല. സ്വകാര്യ ബസ്സുകൾക്ക് നൽകിയിട്ടുള്ള പെർമിറ്റുകൾ റദ്ദാക്കുന്ന മുറയ്ക്ക് കെ. എസ്. ആർ. ടി. സി. ക്ക് പെർമിറ്റ് കൊടുത്ത് സർവ്വീസുകൾ നടത്തി വരികയാണ്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

73 [3507] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപ്പെരുപ്പവും, അശാസ്ത്രീയമായി പണിത റോഡുകളും, ആധുനിക സിഗ്നലുകളുടെ അഭാവവും നമ്മുടെ സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾക്ക് കാരണമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശാസ്ത്രീയമായ റോഡു നിർമ്മാണം, സിഗ്നലുകൾ, ട്രാഫിക് നിയമങ്ങൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) റോഡുകൾ ശാസ്ത്രീയമായി പണിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ആധുനിക സിഗ്നലുകൾ, ട്രാഫിക് നിയമങ്ങൾ എന്നിവ ഏർപ്പെടുത്താനും റോഡുകൾ ശാസ്ത്രീയമായി പണിയുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly